This Booklet contains **24** printed pages.
इस पुस्तिका में **24** मुद्रित पृष्ठ हैं।

# AK14I

**Test Booklet No.**
**परीक्षा पुस्तिका संख्या**

## PAPER—I / प्रश्न-पत्र—I

## MALAYALAM LANGUAGE SUPPLEMENT / मलयालम भाषा परिशिष्ट

### PART—IV & V / भाग—IV & V

**Test Booklet Code**
**परीक्षा पुस्तिका संकेत**

# K

Do not open this Test Booklet until you are asked to do so.
इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए।
Read carefully the Instructions on the Back Cover (Pages 23 & 24) of this Test Booklet.
इस परीक्षा पुस्तिका के पिछले आवरण (पृष्ठ 23 व 24) पर दिए गए निर्देशों को ध्यान से पढ़ें।
**For Instructions in Malayalam see Page 2 of this Booklet.**
**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें।**

## *Instructions for Candidates :*

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part—IV (Language—I) **OR** Part—V (Language—II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Parts—I, II, III from the Main Test Booklet and Parts—IV and V from the languages chosen by them.
3. Questions on English and Hindi languages for Part—IV and Part—V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Blue/Black Ballpoint Pen only** for writing particulars on this page/marking responses in the Answer Sheet.
5. The CODE for this Language Booklet is **K**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **Two** Parts—IV and V, consisting of **60** Objective-type Questions and each carrying 1 mark :

   Part-IV : Language-I (Malayalam) (Q. Nos. 91-120)
   Part-V : Language-II (Malayalam) (Q. Nos. 121-150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam Language have been given. **In case the language(s) you have opted for as Language-I and/or Language-II is a language other than Malayalam, please ask for a Test Booklet that contains questions on that Language. The languages being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part-V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

## *परीक्षार्थियों के लिए निर्देश :*

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो या तो भाग—IV (भाषा—I) या भाग—V (भाषा—II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं**।
2. परीक्षार्थी भाग—I, II, III के उत्तर मुख्य परीक्षा पुस्तिका से दें और भाग—IV व V के उत्तर उनके द्वारा चुनी भाषाओं से।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग—IV व भाग—V के अन्तर्गत दिए गए हैं। भाषा परिशिष्टों को आप अलग से माँग सकते हैं।
4. इस पृष्ठ पर विवरण अंकित करने एवं उत्तर-पत्र पर निशान लगाने के लिए **केवल नीले/काले बॉलपॉइंट पेन** का प्रयोग करें।
5. इस भाषा पुस्तिका का **संकेत K** है। यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर-पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है। अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ।
6. इस परीक्षा पुस्तिका में **दो** भाग—IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं तथा प्रत्येक 1 अंक का है :

   भाग—IV : भाषा—I (मलयालम) (प्रश्न सं० 91-120)
   भाग—V : भाषा—II (मलयालम) (प्रश्न सं० 121-150)
7. भाग—IV में भाषा—I के लिए 30 प्रश्न और भाग—V में भाषा—II के लिए 30 प्रश्न दिए गए हैं। इस परीक्षा पुस्तिका में केवल मलयालम भाषा से सम्बन्धित प्रश्न दिए गए हैं। **यदि भाषा—I और/या भाषा—II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है/हैं, तो कृपया उस भाषा वाली परीक्षा पुस्तिका माँग लें। जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए।**
8. **परीक्षार्थी भाग—V (भाषा—II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा—I (भाग—IV) में चुनी गई भाषा से भिन्न हो।**
9. रफ़ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें।
10. सभी उत्तर केवल OMR उत्तर-पत्र पर ही अंकित करें। अपने उत्तर ध्यानपूर्वक अंकित करें। उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है।

Name of the Candidate (in Capitals) : ______________________
परीक्षार्थी का नाम (बड़े अक्षरों में)

Roll Number (in figures) : ______________________
अनुक्रमांक (अंकों में)

(in words) : ______________________
(शब्दों में)

Centre of Examination (in Capitals) : ______________________
परीक्षा-केन्द्र (बड़े अक्षरों में)

Candidate's Signature : ______________________
परीक्षार्थी के हस्ताक्षर

Invigilator's Signature : ______________________
निरीक्षक के हस्ताक्षर

Facsimile signature stamp of Centre Superintendent ______________________

**09-I**

ഈ പുസ്തികയിൽ 24 താളുകൾ ഉണ്ട്.

**AK14I**

പേപ്പർ—I

പരീക്ഷാ ചെറുപുസ്തക സങ്കേതം

**K**

# മലയാളം ഭാഷാ അനുബന്ധം

## ഭാഗം—IV & V

പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.

ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 23 & 24) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.

***പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ:***

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷാ I) അല്ലെങ്കിൽ V (ഭാഷാ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I, II, IIIഉം ഭാഗമോ മുഖ്യ പരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തെരഞ്ഞെടുത്ത ഭാഷയിൽ ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, നീല / കറുപ്പ് ബോൾ പോയിന്റ് പേന മാത്രം ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **K** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ സൈഡ് 2-ലും നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV & V എന്ന രണ്ടു ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. 60 വസ്തുനിഷ്ഠമായ (ഓബ്ജക്റ്റീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും ഒരു (1) മാർക്ക്.

   ഭാഗം—IV : ഭാഷാ—I (മലയാളം) (ചോദ്യം 91–120)

   ഭാഗം—V : ഭാഷാ—II (മലയാളം) (ചോദ്യം 121–150)
7. ഭാഗം IV ൽ (ഭാഷാ I) 30 ചോദ്യങ്ങളും, ഭാഗം V ൽ (ഭാഷാ II) 30 ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷ I/ഭാഷാ II തെരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിൽ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.
8. പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II)ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I) ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് (മുഴുത്ത അക്ഷരത്തിൽ) : ______________________

റോൾ നമ്പർ (അക്കത്തിൽ) : ______________________

(അക്ഷരത്തിൽ) : ______________________

പരീക്ഷാ കേന്ദ്രം (മുഴുത്ത അക്ഷരത്തിൽ) : ______________________

പരീക്ഷാർത്ഥിയുടെ ഒപ്പ് : ______________ ഇൻവിജിലേറ്ററിന്റെ ഒപ്പ് : ______________

Facsimile signature stamp of Centre Superintendent ______________________

**Candidates should answer questions from the following Part only if they have opted for MALAYALAM as LANGUAGE—I**

## ഭാഗം—IV : ഭാഷാ—I

## മലയാളം

*നിർദ്ദേശങ്ങൾ* : താഴെ കൊടുത്തിരിക്കുന്ന പദ്യം വായിച്ച് ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (ചോദ്യം **91–96**) :

**കിളി**

നിന്നൊടു കുഞ്ഞേ
ഞാൻ മിണ്ടില്ല,
നീ നീട്ടും കതിർ കൊത്തില്ലാ
പച്ചച്ചില്ലകൾ തോറും പാറി-
പ്പാറിപ്പറവകൾ പാടുമ്പോൾ
കുളിരൊഴുകുന്ന കിഴക്കൻ കാറ്റിൽ-
കുത്തിമറിഞ്ഞു കളിക്കുമ്പോൾ,
കൂട്ടിലിരുത്തി സൽക്കാരം
കുഞ്ഞേ വലിയൊരു ധിക്കാരം
കൂറുണ്ടെങ്കിൽ വരൂ
കൂടു തുറന്നു തരൂ

**കുട്ടി**

കൂട്ടിലിരുന്ന് മുഷിഞ്ഞോ
കുട്ടികളോടുമിടഞ്ഞോ
പാവം! പുറമേ പോയാൽ നിന്നെ
പാണ്ടൻപൂച്ച പിടിക്കില്ലേ?
ആകാശത്തിലെ വേട്ടപ്പക്ഷിക-
ളയ്യോ! കൊത്തിക്കൊല്ലില്ലേ
പൊന്നിൻ തൂളികൾ
തൂകിയപോലെ
മിന്നും പച്ചച്ചിറകുകളാലെ
കൂട്ടിന്നഴികളി
ലിങ്ങനെയിട്ടടി-
കൂട്ടുകിലയ്യോ നോവില്ലേ
നെല്ലിൻമണികൾ കൊറിക്കൂ
നേരേ കൂട്ടിലിരിക്കൂ

**കിളി**

ആപത്തില്ലാതാക്കാൻ കൂട്ടി-
ന്നകത്തിടുന്നതു നന്നെന്നോ?
കൂട്ടിനകത്തു കുടുങ്ങുന്നതിലും
കൂറ്റനൊരാപത്തുണ്ടെന്നോ?
പാണ്ടൻപൂച്ച പിടിച്ചോട്ടേ
പരുന്തു കൊത്തി തിന്നോട്ടേ
സ്വാതന്ത്ര്യത്തിലെയാപത്തിൻ
സ്വാദറിയാനാണെൻ ദാഹം

പറന്നു ചുറ്റണമാകാശത്തിൽ
പാടിക്കൊണ്ടെന്നെൻ മോഹം!
കൂറുണ്ടെങ്കിൽ വരൂ
കൂടു തുറന്നുതരൂ!

**91.** കിളി കുട്ടിയോട് എന്താണ് ആവശ്യപ്പെടുന്നത്?

(1) കൂടു തുറന്നു തരാൻ

(2) പരുന്തു കൊത്തി നിന്നില്ലെ

(3) പാണ്ടൻ പൂച്ച പിടിക്കില്ലെ

(4) കൂട്ടിൽ ഇരുത്തി സൽക്കരിക്കാൻ

**92.** കുട്ടി കിളിയോട് എന്താണ് ആവശ്യപ്പെടുന്നത്?

(1) കിഴക്ക് നിന്ന് വരുന്ന കാറ്റിൽ കുത്തിമറിയാൻ

(2) നെല്ലിൻ മണികരം കൊത്തിതിന്ന് കൂട്ടിൽ ഇരിക്കാൻ

(3) പച്ച ചില്ലകളിൽ പറന്ന് നടക്കാൻ

(4) പറവകളോടു് പാടാൻ

**93.** ഈ കവിതയിലെ പ്രധാന ആശയം എന്താണ്?

(1) സ്വാതന്ത്രത്തിനോടുള്ള അതിയായ ആഗ്രഹം

(2) ആപത്ത്

(3) പാരതന്ത്ര്യം

(4) അടിമത്വം

**94.** 'കൂറ്' എന്ന പദത്തിന്റെ അർത്ഥം എന്താണ്?

(1) നെറിയില്ലാത്ത

(2) സത്യം

(3) ഗാഢമായ സ്നേഹം

(4) സ്നേഹമില്ലായ്മ

**95.** 'സ്വാതന്ത്ര്യത്തിലെയാപത്തിൻ
സ്വാദറിയാനാണെൻ ദാഹം
പറന്നു ചുറ്റണമാകാശത്തിൽ
പാടികൊണ്ടെന്നെൻ മോഹം'

മേൽ സൂചിപ്പിച്ച വരികളിലെ ദ്വന്ദ്വപ്രയോഗം

(1) കുട്ടിയും കിളിയും

(2) ആകാശവും പാട്ടും

(3) സ്വാതന്ത്ര്യവും ദാഹവും

(4) കൂടും കിളിയും

**96.** കിളിയുടെ മോഹം എന്താണ്?

(1) ആകാശത്തിൽ സ്വതന്ത്രമായി പറക്കണം എന്ന്

(2) കിഴക്കൻ കാറ്റിൽ കുത്തിമറിയണ്ട എന്ന്

(3) ആകാശത്തിൽ പറക്കണ്ട

(4) കൂട്ടിനകത്ത് കിടക്കണം

*നിർദ്ദേശങ്ങൾ* : ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (ചോദ്യം **97–111**) :

**97.** ഒരു ചെറിയ ഖണ്ഡിക കൊടുത്തിട്ട് ഒരു കുട്ടിയോടു ഏറ്റവും അനുയോജ്യമായ വാക്ക തെരഞ്ഞെടുത്ത് പൂരിപ്പിക്കുമ്പോൾ അത് അവളുടെ വായനാശേഷി നിർണ്ണയിക്കുന്നത് ............ ആണ്.

(1) നൂതന വാക്കുകളുടെ പ്രയോഗം

(2) സംക്ഷിപ്തം

(3) വാക്കുകളുടെ ഉച്ചാരണം

(4) ആശയഗ്രഹണം

**98.** താഴെ കൊടുത്തിരിക്കുന്നവയിൽ പാരായണ ഗ്രഹണത്തെക്കുറിച്ച് സൂചിപ്പിക്കുന്ന ചോദ്യം ഏതാണ്?

(1) നോബൽ സമ്മാനം നേടിയ ഇന്ത്യാക്കാരനായ കവിയുടെ പേര് പറയുക.

(2) കിരൺ ദേശായിയുടെ മറ്റൊരു ബുക്ക് വായിച്ചിട്ടുണ്ടോ.

(3) ''ഏറ്റെടുക്ക്'' എന്ന പദം വാക്യത്തിൽ പ്രയോഗിക്കുന്നതിന് എന്നു കൊടുത്താൽ

(4) ''ഉണ്ട്'' അഥവ ''ഉണ്ടു'' എന്ന പദത്തിന്റെ ഉച്ചാരണം പരിശോധിക്ക്

**99.** ക്രയോൺ കൊണ്ട് വരച്ചു തുടങ്ങി അടിസ്ഥാനമായ രൂപങ്ങളും വട്ടങ്ങളും വരയ്ക്കുന്നതിൽ പരിണമിക്കുമ്പോൾ ആ കുട്ടിയുടെ .............. ശേഷികൾ പരിപൂർണ്ണമായി വികസിച്ച്, അർത്ഥപൂർണ്ണമായ എഴുത്തിൽ കലാശിച്ചു എന്ന് പറയാം.

(1) വൈകാരിക

(2) ഉപജീവന

(3) ജ്ഞാന

(4) ഇന്ദ്രിയശ്ചാലക

**100.** ഒരു പഠിതാവ് സുഹൃത്തിന് കത്തെഴുതുമ്പോൾ താഴെ കൊടുത്തിരിക്കുന്നവയിൽ ഏതൊക്കെ വിശേഷ ലക്ഷണങ്ങൾ ഉൾപ്പെടുത്തേണ്ടത് ആണ്

(1) മറ്റുള്ളവർക്ക് മനസ്സിലാകുന്നത്, ചുരുക്കെഴുത്തിന്റെ പ്രയോഗം, പൂർണ്ണമായ രൂപഘടന

(2) തികച്ചും ഹൃദയപൂർവ്വമായത്, ഒട്ടും രൂപഘടന ഇല്ലാത്തത്

(3) ചില രൂപഘടനകൾ, ഹൃദയപൂർവ്വകമായ കാര്യങ്ങൾ, ചില ചുരുക്കെഴുത്തുകൾ

(4) തികച്ചും ഹൃദയപൂർവ്വമല്ലാത്തതും ഒരു പ്രത്യേക ഘടനാരീതിയിൽ അല്ലാത്തതും

**101.** ഭാഷയുടെ തനതായ ഉച്ചാരണ നിയമങ്ങൾ കാരണം ഭാഷാപഠിതാവിന് ഭാഷണം നടത്തുന്നതിന് ആത്മധൈര്യം ഉണ്ടാവില്ല. ഇത്തരം പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് ഒരു മാർഗ്ഗം താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്

(1) ക്ലാസ്സിൽ വാചിക രീതിയിലുള്ള പ്രക്രിയകൾ ഉൾപ്പെടുന്ന കളി രീതിയിലുള്ള പ്രവർത്തനങ്ങൾ

(2) ഒരു കൗൺസിലറെകൊണ്ട് സ്പെഷ്യലായ ഭാഷണ ചികിത്സാപദ്ധതി നടത്തി

(3) തെറ്റുകൾ വരുത്തുമ്പോൾ തിരുത്തുക

(4) ക്ലാസ്സിൽ ഉറക്കെയുള്ള വായന

**102.** സാമൂഹിക ജ്ഞാന നിർമ്മിതി വാദത്തിന്റെ വക്താവായ വിഗോട്സ്കി മുന്നോട്ടുവച്ച ആശയമാണ് സഹവർത്തിത പഠനം. മനുഷ്യനെ ഭൗതിക സൃഷ്ടിക്കുപരി സംസ്കാരത്തിന്റെ ഉല്പന്നമായി കാണുന്നു. സംസ്കാരം ഉൾക്കൊള്ളാനും പ്രവർത്തനങ്ങളെ നിയന്ത്രിക്കാനും മനുഷ്യനെ സഹായിക്കുന്നത് ഭാഷയാണ്.
മുകളിൽ കൊടുത്തിരിക്കുന്ന വാക്യങ്ങൾ വിവരത്തിനെ സംബന്ധിക്കുന്ന പ്രവർത്തനം ആണ്. അത് ഏത് തരം?

(1) തിരുത്തൽ

(2) അപൂർണ്ണമായ വിവരം നല്കൽ

(3) പകർന്നുകൊടുക്കൽ

(4) ആധാനപ്രധാന

**103.** മറ്റുള്ളവരെക്കാൾ അനായാസമായി ഭാഷാർജനം നടത്താൻ ഒരു പ്രത്യേക കാലയളവിൽ നടത്താൻ സാധിക്കുന്നു. അത് ഏതാണ്?

(1) 8 വയസ്സിനു മുമ്പെ

(2) 8 വയസ്സിനു ശേഷം

(3) 10 വയസ്സിനു മുമ്പെ

(4) 13 വയസ്സിനു ശേഷം

**104.** മാധ്യമം ഏതെന്ന് തിട്ടപ്പെടുത്തുക. വളരെയധികം അന്തർലീനമായ വിവരങ്ങൾ വിദ്യാർത്ഥികൾക്ക് നല്കി ഉള്ളടക്കത്തിനെ ചുരുങ്ങിയ ചെലവ് കൊണ്ട് സാധ്യമാക്കാവുന്ന രീതി

(1) ഇലക്ട്രോണിക്

(2) നേരിട്ടുള്ള ഡിസ്പ്ലേകളും/ഡെമോൺസ്ട്രേഷനുകളും

(3) ഓവർ-ഹെഡ് പ്രൊജക്ടർ (ട്രാൻസ്പരൻസികളും/സ്ലയ്ഡുകളും)

(4) പേപ്പർ

105. ഒരു ബഹുഭാഷിത ക്ലാസ്സിൽ ഒരു ഭാഷ വിദ്യാർത്ഥി പഠിക്കുമ്പോൾ

(1) ഒരേ ഭാഷ സംസാരിക്കുന്ന വിദ്യാർത്ഥികളെ അടിക്കടി ഗ്രൂപ്പ് ആക്കി കൂടുതൽ ഉത്തമരാകുന്നു

(2) ലക്ഷ്യഭാഷയിൽ പരിപൂർണ്ണമായ ആശയവിനിമയം നടത്താൻ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള ലക്ഷ്യത്തോടെ മറ്റ് ഭാഷകൾ പ്രയോഗിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നത്.

(3) ആശയവിനിമയം ഉചിതമായ രീതിയിൽ നടക്കുന്നില്ലന്നും ആ ക്ലാസ്സ് ശോഭിതമല്ലെന്നും കരുതുന്നു

(4) ലക്ഷ്യഭാഷ പ്രയോഗിക്കാനും നല്ലരതിയിൽ ആശയഗ്രഹണം നടത്താനും പ്രോത്സാഹിപ്പിക്കൻ ഉള്ള സന്ദർഭങ്ങൾ ഉണ്ടാവുകയും വിവിധ തരത്തിലുള്ള ഉച്ചാരണങ്ങളെയും വ്യാകരണ നിയമങ്ങളെയും ചർച്ച ചെയ്യുന്നതിന്റ് സമയം ഉണ്ടാകുന്നു

106. ഒരു ദ്വിതീയ ഭാഷയിലോ ഒരു വിദേശ ഭാഷയിലോ ആധികാരികമായി നേട്ടം കൈവരിക്കാൻ ഒരു ഭാഷാ പഠിതാവിനെ ലാംഗ്വേജ് ട്രാൻസ്ഫർ എത്രമാത്രം സ്വാധീനിക്കുന്നു എന്നു നിർണ്ണയിക്കാം. ഈ സ്ഥിതി പരിഹരിക്കുന്നതിന് ഒരു അധ്യാപകന് സഹായിക്കാവുന്നത് താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്

(1) വിദ്യാർത്ഥികൾ തമ്മിൽ ചർച്ചകൾ നടത്തിയും വിദ്യാർത്ഥിയുടെ ആത്മധൈര്യം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ കൂട്ടായ്മയിലുള്ള പ്രവർത്തനങ്ങൾ നടത്തിയും

(2) മറ്റൊരു ഭാഷ പഠിക്കുമ്പോൾ വിദ്യാർത്ഥിക്ക് ഉണ്ടാകുന്ന വിഷമതകളെ അളക്കുന്നതിന്/ നിർണ്ണയിക്കുന്നതിന് ചില കാലയളവിൽ ക്രമാനുക്രമമായി ഡയഗണോസ്റ്റിക് ടെസ്റ്റുകൾ നടത്തി

(3) ബുദ്ധിയുള്ള പഠന സാമഗ്രികൾ നല്കി തീവ്രമായ പാരായണ ക്ലാസ്സുകൾ നടത്തി

(4) മാതൃഭാഷയിലെ അടിസ്ഥാന ഭാഷാശേഷികൾ ദൃഢീകരിക്കുന്നതിന് വിവിധ പഠനോന്മുകമായ പ്രവർത്തനങ്ങൾ നല്കി ദ്വിതീയ ഭാഷയിലെ ജ്ഞാന നിർമ്മിതിക്ക് അടിത്തറ കെട്ടിപ്പിടുക്കുന്നതിന്

107. വിവിധ തരത്തിലുള്ള ശേഷികൾ ഉള്ള ഒരു ഭാഷാ ക്ലാസ്സിൽ താഴെ കൊടുത്തിരിക്കുന്നവയിൽ അധ്യാപകൻ തീർച്ചപ്പെ ടുത്തേണ്ട കാര്യം ഏതാണ്

(1) ഗൃഹപാഠങ്ങളും അസൈന്റ്മെൻറുകളും പൂർത്തിയാക്കാൻ ഉതകുന്നതിനു അധ്യാപകരുമായി രക്ഷിതാക്കൾ കണ്ടുമുട്ടുക

(2) ചർച്ചകളിൽ സംബന്ധിച്ചും വിപുലമായ കൂട്ടായ്മയിൽ ഉള്ള പ്രവൃത്തികളിൽ ഏർപ്പെട്ട് സാമൂഹിക ശേഷികൾ വികസിപ്പിക്കുന്നതിനുള്ള ചെറിയ ചെറിയ ക്ലാസ്സ് പ്രോജക്ടുകളിൽ പങ്കെടുത്ത്

(3) സ്കൂൾ, സമയത്തിനുശേഷം കൂടുതൽ മാർക്ക് കിട്ടുന്നതിനുവേണ്ടിയും മറ്റുള്ളവരുമായി മത്സരിക്കുന്നതിനുവേണ്ടിയും സ്പെഷ്യൽ ക്ലാസ്സിൽ ഇരിക്കുക

(4) പ്രശ്നപരിഹാരത്തിന് ക്ലാസ്സ്ടീച്ചറെ കാണുകയും ഒരു മനോരോഗവിദഗ്ദ്ധനുമായി കാലാകാലങ്ങളിൽ സമ്മേളിക്കുക

108. ചിലപ്പോൾ പാഠ്യപുസ്തകങ്ങളിലുള്ള ചോദ്യങ്ങൾ താഴ്ന്ന നിലയിലുള്ളതും വെറും വസ്തുതകളെ അടിസ്ഥാനമാക്കിയുള്ളതും ആയിരിക്കും. ഇവിടെ സൂചിപ്പിക്കുന്ന പ്രകാരം അധ്യാപകൻ:

(1) വിരളമായി പാഠ്യപുസ്തകം ഉപയോഗിക്കുക

(2) സാഹിത്യ ബന്ധിതമായ വായനയ്ക്ക് പുസ്തകങ്ങൾ നല്കുക

(3) ക്രിയാത്മകമായ ചിന്തയ്ക്കും പ്രശ്നപരിഹാരത്തിനുള്ള പ്രവർത്തികൾക്കും ഉള്ള സാഹചര്യം സൃഷ്ടിക്കുന്നു

(4) അതിലുള്ള അറിവിനെ അടിസ്ഥാനമാക്കി പാഠങ്ങൾക്ക് രൂപകല്പന നല്കുക.

109. ഒരു ലിഖിത രൂപത്തിലുള്ള പാഠത്തിനെ വാചീകമായി വ്യാഖ്യാനിക്കുമ്പോൾ വിദേശ ഭാഷ പഠിക്കുന്ന പഠിതാവിന് ഉച്ചാരണം കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ നിരാകരിക്കുന്നതിനുവേണ്ടി :

(1) സ്പെല്ലിംഗ് ഉച്ചരിച്ച് ഉറക്കെയുള്ള പാരായണം

(2) പദങ്ങൾ വായിക്കുമ്പോൾ ശരിയായ ഉച്ചാരണം ശ്രവിക്കുകയും അവയെ ഉറക്കെ ആവർത്തിച്ച് പരിശീലനം നടത്തുകയും ചെയ്യുക

(3) അധ്യാപകന്റെ ഉച്ചാരണത്തെ അനുകരിക്കൽ

(4) ബുദ്ധിമുട്ടുള്ള പദം പാരായണം നടത്തി പരിശീലിക്കുന്നു

110. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു ഭാഷാ ക്ലാസ്സിൽ ആത്മബന്ധവും വിജയവും ആത്മവിശ്വാസവും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്

(1) അവരുടെ തനതായ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി പ്രത്യേക യോഗ്യതയുള്ള സ്റ്റാഫുകളെ നിയമിച്ചുകൊണ്ട്

(2) മറ്റുള്ള സഹപാഠികളിൽ നിന്ന് വ്യത്യസ്തമായി അവരെ പ്രത്യേക ഗ്രൂപ്പായി മാറ്റി നിർത്തി

(3) പ്രത്യേക തരത്തിലുള്ള കോഴ്സ് ബുക്കുകൾ നല്കി

(4) സഹകരണ പഠനവും ചർച്ചയും പരസ്പരമായി ബന്ധപ്പെടുന്നതിനുള്ള പാഠ്യരീതിയിൽ സൗകര്യം ഒരുക്കി.

111. പുരാതനമായ ഭാഷാ ക്ലാസ്സുകൾ അധ്യാപക കേന്ദ്രീകൃതമാണ്. പക്ഷേ ആധുനിക ക്ലാസ്സുകൾ വിദ്യാർത്ഥി കേന്ദ്രീകൃതമാണ്. ആദ്യത്തേതിന്റെ പ്രത്യേകത താഴെ പറയുന്നവയിൽ ഏതാണ്

(1) വിദ്യാർത്ഥികൾ പ്രത്യേക തരത്തിലുള്ള ഭാഷാപഠന പ്രവൃത്തികൾ രൂപകല്പന ചെയ്യുമ്പോൾ അധ്യാപകൻ അത്തരം കാര്യങ്ങൾക്ക് സാഹചര്യം ഒരുക്കുകയും സഹായിക്കുകയും ചെയ്യുന്നു.

(2) എല്ലാ കാലത്തും ലിഖിതശേഷിയും ഭാഷണശേഷിയും വർദ്ധിപ്പിക്കുന്നതിന് അധ്യാപകൻ മാതൃകകൾ തയ്യാറാക്കി കൊടുത്ത് വിദ്യാർത്ഥികളെ കൊണ്ട് അനുകരിപ്പിക്കുന്നു.

(3) പഠന പ്രക്രിയയിൽ അധ്യാപകൻ മുഖ്യ പങ്ക് വഹിക്കുകയും വിദ്യാർത്ഥിയുടെ പഠന പുരോഗതിയെ നിർണ്ണയിക്കുന്നതിന് അവന് അടിക്കടി ഫീഡ്ബാക്ക് ലഭിക്കുകയും ചെയ്യുന്നു

(4) ക്ലാസ്സിനു ബാഹ്യമായി വിദ്യാർത്ഥി സ്വതന്ത്രമായി പഠിക്കുകയും നിശ്ചിത കാലയളവിൽ എഴുത്ത് പരീക്ഷ എഴുതുകയും ചെയ്യുന്നു

*നിർദ്ദേശങ്ങൾ* : താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (ചോദ്യം **112–120**) :

അനിവാര്യമായ ആവശ്യങ്ങൾക്കല്ലാതെ മരം വെട്ടിമാറ്റുക മാത്രമല്ല, അത് വികസനത്തിനുവേണ്ടിയാണെന്ന് വെറുതേ വാദിക്കുകയും അരുതെന്ന് വിലക്കുന്നവരെ പരിഹാസിക്കുകയും ചെയ്യുന്നതാണ് തമ്മുടെ ഔദ്യോഗിക മുഖ്യധാരാശീലം. നഗരങ്ങളിലെ തണൽമരങ്ങൾ വെട്ടിമാറ്റുന്നതിനെ ചെറുത്തുനില്ക്കാൻ പോലും നമുക്ക് കഴിയാറില്ല. ഇതിനുപുറമേയാണ് മരങ്ങളിൽ ആണിയടിച്ചും ഇരുമ്പുകമ്പി ചുറ്റിവരിഞ്ഞും പരസ്യങ്ങൾ തൂക്കുന്നതിലെ ക്രൂരത. വൃക്ഷത്തെ വൃക്ഷപിതാമഹനെന്നു സംബോധന ചെയ്തു ശീലിച്ച, മരച്ചുവട്ടിൽ ധ്യാനവും അധ്യയനവും ശീലിച്ച ഭാരതീയ പാരമ്പര്യത്തിന് വിരുദ്ധമായാണ് ആധുനികകാലത്തിന്റെ പോക്ക്, ഈ അവിവേകത്തോട് രൂക്ഷമായി പ്രതികരിച്ചിരിക്കുകയാണ് ഹൈക്കോടതി. പാതയോരങ്ങളിലെ മരങ്ങളിൽ പരസ്യം തൂക്കുകയോ ആണിയടിച്ചുതറയ്ക്കുകയോ ചെയ്യരുതെന്നാണ് തിങ്കളാഴ്ച ഹൈക്കോടതി ഉത്തരവിട്ടത്. സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുൾപ്പെടെ ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും ഇക്കാര്യം കാണിച്ച് ഉത്തരവുനൽകണമെന്നും ന്യായാസനം നിർദേശിച്ചു. മാനവികമായ ഈ പരിസ്ഥിതി നീതിനിർദേശം ഉടനടി നടപ്പാക്കേണ്ടതുമാത്രമല്ല, അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

കോടതിക്ക് കത്തയച്ച, ദുർബലരെങ്കിലും പ്രകൃതിസ്നേഹികളും ഭാവിബോധമുള്ളവരുമായ ആ വിദ്യാർഥിനികൾ വികസനമെന്നാൽ പ്രകൃതിയെ നശിപ്പിക്കലാണെന്ന് വിചാരിക്കുന്നവരോട് ഭാരതീയ പാരമ്പര്യത്തെപ്പറ്റി ഓർമിപ്പിക്കുകയാണ് ചെയ്തത്. പത്ത് കിണറുകൾ ഒരു കുളത്തിനും പത്ത് കുളം ഒരു തടാകത്തിനും പത്ത് തടാകം ഒരു പുത്രനും പത്ത് പുത്രന്മാർ ഒരു മരത്തിനും തുല്യമാണെന്നാണ് വൃക്ഷായുർവേദത്തിലെ വചനം

ഛായാമന്യസ്യ കുർവന്തി
സ്വയം തിഷ്ഠന്തിചാദതേ
ഫലന്ത്യതി പരാർഥായ
വൃക്ഷാഃ സത്പുരുഷാ ഇവ

എന്നുമുണ്ട് സംസ്കൃതത്തിൽ, സ്വയം ചൂടുസഹിച്ചുകൊണ്ട് മറ്റുള്ളവർക്ക് തണൽ നൽകുകയും അന്യരുടെ നന്മയ്ക്കായി പഴങ്ങൾ നൽകുകയും ചെയ്യുന്ന മരങ്ങളും നല്ല മനുഷ്യരും തുല്യരാണെന്ന് അർഥമാക്കുന്ന ഈ ശ്ലോകം നമ്മുടെ പ്രാചീനമായ വൃക്ഷവിവേകത്തെ ഉദാഹരിക്കുന്നു. ആധുനികരായ നാമാകട്ടെ സ്വയം വെന്തുരുകി നമുക്കു തണലേകുന്ന വൃക്ഷത്തെ, ഇരിക്കുന്ന കൊമ്പുവെട്ടുന്ന അവിവേകിയായ മരം വെട്ടിയെപ്പോലെ മുറിച്ചുതള്ളി ലാഭേച്ഛയ്ക്കു പിന്നാലെ പായുന്നു. ആ ഭ്രാന്തിനെയും ബോധശൂന്യതയെയുമാണ് നീതി പീഠം തിരുത്തിയത്. നൈതികതയുടെ ആ ഉത്തരവ് അലസരുടെ കൈകളിൽച്ചെന്നു വീണ് വിസ്മരിക്കപ്പെടരുത്.

**112.** ഈ ഖണ്ഡിക വായിച്ചതിനുശേഷം നിങ്ങൾക്കു നൽകാൻ പറ്റിയ തലക്കെട്ട് ഏതായിരിക്കും?

(1) മനുഷ്യരുടെ ജീവിതം

(2) നഗരവികസനം

(3) മരങ്ങൾക്കുമുണ്ട് ജീവിക്കാനുള്ള അവകാശം

(4) മരങ്ങളുടെ വികസനം

**113.** കോടതിയിൽ വിദ്യാർത്ഥികൾ എന്താണ് പരാതിപ്പെട്ടത്?

(1) മരം മുറിച്ചു മാറ്റുന്നതിനെതിരെ

(2) മരങ്ങളിൽ ആണിയടിച്ചും പരസ്യങ്ങൾ തൂക്കിയിടുന്നതിനുമെതിരെ

(3) വികസനത്തിനെതിരെ

(4) മരങ്ങളെ പൂജിക്കുന്നതിനെതിരെ

**114.** എന്താണ് ഭാരതീയ പാരമ്പര്യത്തിന്റെ മഹത്തായ ആദർശം?

(1) മരത്തിന്റെ ചുവട്ടിൽ ധ്യാനിച്ചും അധ്യയനം നടത്തിയും

(2) ആവശ്യാനുസരണം മരം വെട്ടിമുറിച്ചു മാറ്റാം

(3) ആരാധിക്കാൻ മരം വേണം

(4) മരം വികലമാക്കാം.

**115.** മരത്തിന്റെ പ്രത്യേകതയെന്താണ്?

(1) സ്വാർത്ഥരുടെ കയ്യിൽ കിട്ടിയാൽ മരം വെട്ടിമുറിക്കും

(2) സ്വയം ചൂടു് ഏറ്റുകൊണ്ട് മറ്റുള്ളവർക്കു തണൽ നൽകുന്നു

(3) വികസനത്തിനു തടസ്സമാകുന്നു

(4) അന്യരുടെ ദോഷത്തിനായി നിൽക്കുന്നു

**116.** താഴെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും ശരിയായ പ്രസ്താവനയേതാണ്?

(1) മനുഷ്യരും മരവും ഒരുപോലെയാണ്

(2) ഒരു മരം മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യുന്നില്ല

(3) മനുഷ്യർ ചൂടു സഹിച്ചു ജീവിക്കുന്നു

(4) മരവും നല്ല മനുഷ്യരും ഒരുപോലെയാണ്

117. ഇപ്പോഴത്തെ തലമുറയിലുള്ള ജനങ്ങളുടെ സാധാരണ മനോഭാവം എങ്ങനെയാണെന്നാണ് ലേഖകൻ ഉദ്ദേശിക്കുന്നത്?

(1) മരങ്ങളെ സംരക്ഷിക്കുന്നവർ

(2) തികച്ചും ലാഭം കൊതിച്ചുകൊണ്ട് മരം വെട്ടിമുറിക്കുന്നവർ

(3) കോടതിയിൽ പരാതിപ്പെടുന്നവർ

(4) മരം നട്ടു വളർത്തുന്നവർ

118. "ഛായാമന്യസ്യ കുർവന്തി
സ്വയം തിഷ്ഠന്തിചാദതേ"
എന്ന വരികളുടെ അർഥം

(1) മറ്റുള്ളവർക്കു തണൽ നൽകുന്നു

(2) സ്വയം ചൂടും തണലും ഏൽക്കുന്നു

(3) സ്വന്തമായി ചൂടു അനുഭവിച്ചുകൊണ്ടു മറ്റുള്ളവർക്കു തണൽ നൽകുന്നു

(4) സ്വന്തമായി ചൂടു ഏറ്റു നശിച്ചു പോകുന്നു

119. <u>ദുർബലരെങ്കിലും</u> പ്രകൃതി സ്നേഹികളും ഭാവിബോധമുള്ളവരുമായ വിദ്യാർത്ഥിനികളാം അടിവരയിട്ടിരിക്കുന്ന പദത്തിന്റെ അർത്ഥം

(1) ബലമുള്ളവർ

(2) ബലഹീനർ

(3) വിദഗ്ദ്ധർ

(4) അബലകാം

120. 'ലാഭേച്ഛ' എന്ന പദം പിരിച്ചെഴുതുക:

(1) ലാഭ + ഇച്ഛ

(2) ലാഭേ + ഇച്ഛ

(3) ലാഭേച + ഛ

(4) ലാഭം + ഇച്ഛ

**Candidates should answer questions from the following Part only if they have opted for MALAYALAM as LANGUAGE—II**

## ഭാഗം—V : ഭാഷാ—II

## മലയാളം

***നിർദ്ദേശങ്ങൾ*** : താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ഏറ്റവും ശരിയാ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (ചോദ്യം **121–126**) :

കളിക്കുന്നതിനുള്ള താല്പര്യം അഥവാ ക്രീഡാസക്തി കുട്ടികളിൽ ജന്മനായുള്ളതാണ്. അവർക്ക് ജീവിതം ആരംഭിക്കുന്നത് തന്നെ കളി രൂപത്തിലാണ്. ഗൗരവമായ ജീവിത പ്രശ്നങ്ങൾ അവരെ അലട്ടാറില്ല. കുട്ടികളുടെ ക്രീഡാസക്തിയെ വിദ്യാഭ്യാസത്തിൽ പ്രയോജനപ്പെടുത്താനാണ് കളിരീതി ആവിഷ്കരിക്കപ്പെട്ടത്.

പിൽക്കാലത്ത് ജീവിതത്തിൽ നേരിടേണ്ടി വരുന്ന പ്രവർത്തനങ്ങളുടെയും പ്രശ്നങ്ങളുടെയും റിഹേഴ്സലാണ് കളികളിലൂടെ കുട്ടികൾ നിർവ്വഹിക്കുന്നത് എന്ന ഒരഭിപ്രായമുണ്ട്. പലകാര്യങ്ങളിലും കുട്ടികൾ കളികളിലൂടെ അനുകരിക്കുന്നത് നാം കാണാറുള്ളതാണല്ലോ. കുഞ്ഞിപ്പുര കെട്ടിയുണ്ടാക്കൽ, ചോറും കറിയും വെക്കൽ, അമ്മയും കുഞ്ഞുമായി കളിക്കൽ, പോലീസും കള്ളനുമായി കളിക്കൽ തുടങ്ങിയ പലതും അക്കൂട്ടത്തിൽ പ്പെടുന്നു. ഇവയൊക്കെ ഭാവിജീവിതത്തിനു വേണ്ടി കുട്ടികൾ നേരിടുന്ന പരിശീലനമായി കണക്കാക്കാം. ഇങ്ങിനെ കുട്ടികളിൽ സ്വാഭാവികമായി കണ്ടുവരുന്ന കളികളും അനുകരണങ്ങളും പഠനത്തിനായി എങ്ങിനെ പ്രയോജനപ്പെടുത്താം എന്ന വിഷയം ചിന്തക്ക് വിധേയമായി. പ്രസിദ്ധ അമേരിക്കൻ ചിന്തകരായ കാൾഗ്രൂസ്സ്, സ്റ്റാൻലിഹാൾ തുടങ്ങിയവരാണ് കുട്ടികളുടെ ക്രീഡാസക്തിയെ പഠനത്തിനായി പ്രയോജനപ്പെടുത്തുന്ന കാര്യം ആദ്യമായി വിദ്യാഭ്യാസ തല്പരരുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. പെസ്റ്റലോസി, ഫ്രോബൽ, മറിയാമോണ്ടിസ്സോറി തുടങ്ങിയ വിദ്യാഭ്യാസ ദാർശനികന്മാർ പ്രാഥമിക ക്ലാസുകളിൽ കളികൾക്ക് ഉയർന്ന സ്ഥാനം നൽകിയിരുന്നു. കളികൾക്ക് പഠനരംഗത്ത്, പ്രത്യേകിച്ചും താഴ്ന്ന ക്ലാസുകളിൽ മുഖ്യസ്ഥാനം നൽകിയിരുന്നു. കളികൾക്ക് പഠനരംഗത്ത്, പ്രത്യേകിച്ചും താഴന്ന ക്ലാസുകളിൽ മുഖ്യസ്ഥാനം നൽകേണ്ടതിന്റെ പ്രാധാന്യം ഇന്നെല്ലാവരും അംഗീകരിച്ചിട്ടുണ്ട്.

ഫലപ്രദമായ ജീവിതത്തിനാവശ്യമായ പരിശീലനം നൽകുക എന്നത് സാമൂഹ്യശാസ്ത്ര ക്ലാസുകളുടെ ലക്ഷ്യമാണല്ലോ. അതിനാൽ സാമൂഹ്യശാസ്ത്ര ക്ലാസുകൾ കുട്ടികളുടെ ക്രീഡാസക്തിയും, അനുകരണശീലവും മെച്ചപ്പെട്ട ജീവിത പരിശീലനം നൽകാൻ സഹായിക്കുന്ന നല്ല സ്രോതസ്സുകളായി കണക്കാക്കണം. അതേസമയം നല്ല ആസൂത്രണവും മുൻധാരണകളും ഇതിന്ന് കൈക്കൊള്ളുകയും വേണം. കുട്ടികളുടെ പ്രായം, കഴിവ്, വാസന തുടങ്ങിയവ ഈ വിഷയത്തിൽ പരിഗണിക്കേണ്ടതാണ്. അതിനാൽ കുട്ടികളുടെ താൽപര്യത്തെ നിലനിർത്തികൊണ്ട് സാമൂഹ്യശാസ്ത്ര ബോധനം ഫലപ്രദമാക്കാൻ ഉചിതമായ കളിരീതികൾ പ്രയോജനപ്പെടുത്തുന്നതിൽ സാമൂഹ്യശാസ്ത്രാധ്യാപകർ സദാ ശ്രദ്ധാലുക്കളാകണം.

**121.** എന്തുകൊണ്ടാണ് വിദ്യാഭ്യാസ ചിന്തകർ കളിരീതി ആവിഷ്കരിക്കാൻ കാരണം?

(1) കുട്ടികളിൽ പൊതുവെ കളിക്കാനുള്ള വാസന ജന്മനായുള്ളതുകൊണ്ട്

(2) കളിക്കാൻ കുട്ടികൾ നീരസം കാട്ടാറുണ്ട്

(3) കളിക്കാൻ പ്രേരിപ്പിച്ചാൽ മാത്രമേ കുട്ടികൾ കളിക്കുള്ളൂ

(4) കളിക്കാൻ കുട്ടികൾ വിമുഖത പ്രകടിപ്പിക്കാറുണ്ട്

122. ജീവിതത്തിൽ പിന്നെയുണ്ടാകുന്ന സംഭവങ്ങളുടെ അടിസ്ഥാനം ....... ആണ്

(1) ആയാസം

(2) ചിന്ത

(3) വിനോദം

(4) കളി

123. കളി രീതിയുടെ അടിസ്ഥാന തത്വം എന്താണ്?

(1) കുട്ടികളിൽ നൈസർഗ്ഗികമായി കണ്ടുവരുന്ന കളികളും അനുകരണങ്ങളും പഠനത്തിനായി ഉപകരിക്കുന്നു.

(2) കുട്ടികളുടെ ചിന്ത

(3) കുട്ടികളുടെ ജീവിത പരിശീലനം

(4) കുട്ടികളുടെ വിനോദം

124. സാമൂഹികശാസ്ത്ര ക്ലാസ്സുകളുടെ ലക്ഷ്യം എന്താണ്?

(1) നല്ലൊരു കായിക അഭ്യാസി ആകാൻ

(2) രാഷ്ട്രീയ ജീവിതത്തിൽ പങ്കുകൊള്ളാൻ

(3) നല്ല രീതിയിൽ കളിക്കാൻ

(4) ഭാവിയിൽ മെച്ചപ്പെട്ട ജീവിത പരിശീലനം നല്കാൻ

125. "സദാ ശ്രദ്ധാലുക്കളാകണം" ഇതിൽ 'സദാ' എന്ന പ്രയോഗത്തിനുപകരം ഏത് വാക്ക് ഉചിതമാണ്?

(1) വല്ലപ്പോഴും

(2) തീരെ

(3) എപ്പോഴും

(4) ഒരിക്കലും

126. 'സ്രോതസ്' എന്ന വാക്കിന് ഏറ്റവും ഉചിതമായ പദം ഏത്?

(1) ഉത്ഭവസ്ഥാനം

(2) പതിക്കുന്ന സ്ഥലം

(3) മലമുകളിൽ

(4) അവസാനഘട്ടം

നിർദ്ദേശങ്ങൾ : ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (ചോദ്യം 127–141) :

**127.** എങ്ങിനെയാണ് താഴെ കൊടുത്തിരിക്കുന്ന റീഡിംഗ് ടെസ്റ്റിന് മാർക്ക് നല്കുന്നത്
ചോദ്യം : തവള ഏത് തരത്തിലുള്ള ജീവിയാണ്.
ഉത്തരം (1) : തവള ഉഭയജീവിയാണ്.
ഉത്തരം (2) : തവള വെള്ളത്തിൽ മാത്രം കഴിയുന്ന ജീവിയാണ്.

(1) ഉത്തരം (1) - 1 മാർക്ക്, ഉത്തരം (2) - 1 മാർക്ക്

(2) ഉത്തരം (1) - 1 മാർക്ക്, ഉത്തരം (2) - 0 മാർക്ക്

(3) ഉത്തരം (1) - 0 മാർക്ക്, ഉത്തരം (2) - 1 മാർക്ക്

(4) ഉത്തരം (1) - 0 മാർക്ക്, ഉത്തരം (2) - 0 മാർക്ക്

**128.** ഏതൊരു ടെസ്റ്റിന്റെയും ഒരു പൊതു ധാരണ നേടുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്ന ഒരു പാരായണ രീതി താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

(1) പ്രവചിക്കൽ

(2) ചുരുക്കെഴുത്ത്

(3) സൂക്ഷ്മ പരിശോധന

(4) ഓടിച്ചു വായന

**129.** വിദ്യാർത്ഥികൾ 'Great Sentence Mystery' എന്ന സ്കിറ്റ് തയ്യാറാക്കുന്നു. 10 വരികളിൽ നാല് കഥാപാത്രങ്ങളുള്ള രീതിയിൽ അവർ അത് എഴുതുന്നു. ഓരോ കഥാപാത്രത്തിനും ഒരു വാക്യം മാത്രം സംസാരിക്കുന്നതിനെ അവകാശമുള്ളു. ഇത്തരത്തിലുള്ള പ്രവൃത്തി പരിശീലനത്തിന് ഏറ്റവും നല്ല രീതിയിൽ സൗകര്യപ്രദമാക്കുന്നത് താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

(1) വായനയ്ക്കു ശേഷമുള്ള അഭ്യാസം

(2) ലിഖിത പ്രക്രിയയ്ക്കു മുൻപേയുള്ള പ്രവൃത്തി

(3) വ്യാകരണം പ്രയുക്തമാക്കുക

(4) കോശങ്ങളെ പ്രയോഗിക്കുക

**130.** മൂന്നാം ക്ലാസ്സിലെ വിദ്യാർത്ഥകളുടെ ഇടയിൽ ക്രിയാത്മകമായ രചന പ്രോത്സാഹിപ്പിക്കുന്നതിന് ഏറ്റവും ഉചിതമായ രീതി ഏതാണ്?

(1) ചിത്രങ്ങളുടെ ഒരു സെറ്റ് കാണിച്ചിട്ട് അവയെക്കുറിച്ചുള്ള ചർച്ച നടത്തി

(2) വിദ്യാർത്ഥികളെ കൊണ്ട് അവർക്ക് ഇഷ്ടമുള്ള രീതിയിൽ എഴുതാൻ അനുവദിച്ചുകൊണ്ട്

(3) ഒരു വിഷയത്തിൽ ദീർഘമായ ചർച്ച നടത്തി

(4) ഏതെങ്കിലും കഥയുടെ ബാഹ്യരേഖ

**131.** നിങ്ങളുടെ ക്ലാസ്സിൽ വിദ്യാർത്ഥികൾ ഇംഗ്ലീഷ് സംസാരിക്കാൻ സങ്കോചം പ്രകടിപ്പിക്കുകയാണെങ്കിൽ അവരുടെ, സങ്കോചം ദൂരീകരിക്കുന്നതിന് ഏത് രീതിയാണ് അവലംബിക്കേണ്ടത്?

(1) ക്ലാസ്സിൽ ഏതെങ്കിലും ഒരു ചെറിയ വിഷയത്തെക്കുറിച്ച് ആകസ്മികമായ പ്രഭാഷണം നടത്തി

(2) മറ്റുള്ള വിദ്യാർത്ഥികൾ അവരുടെ അവതരണം നടത്തിയതിനുശേഷം അവരുടെ പ്രഭാഷണം അവസാനം നടത്താൻ അനുവദിച്ചുകൊണ്ട്

(3) ലക്ഷ്യ ഭാഷയിൽ ഓരോ വ്യക്തിക്കും പ്രത്യേക കോച്ചിംഗ് നല്കി കൊണ്ട്

(4) ജോഡികളായോ ചെറിയ സംഘങ്ങളായോ പഠിതാക്കളെ കൊണ്ട് അവരവരുടെ സ്ക്രിപ്റ്റ് തയ്യാറാക്കികയും ആ സ്ക്രിപ്റ്റ് അവതരിപ്പിക്കാനുള്ള റിഹേഴ്സൽ നടത്തികൊണ്ട്

**132.** ട്രയിനുകളുടെ പുറപ്പെടൽ സമയവും ആഗമന സമയവും ഉള്ള സമയവിവരപട്ടിക പൂരിപ്പിക്കുകയും റെയിൽവേയുടെ അനൗൺസ്മെന്റുകൾ ശ്രവിക്കുകയും ഉള്ള പ്രവൃത്തി അധ്യാപകൻ രൂപപ്പെടുത്തുകയാണെങ്കിൽ ശ്രവണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം ആണ്. ഇത്തരത്തിൽ വിദ്യാർത്ഥികൾ താഴെ കൊടുത്തിരിക്കുന്നവയിൽ ഏതിലാണ് എന്ന് പറയാം.

(1) ഓഡിയോ റെക്കോർഡിംഗിനെ അടിസ്ഥാനമാക്കി ഒരു പട്ടിക പൂരിപ്പിക്കുന്നതിൽ

(2) വിദ്യാർത്ഥി ഒരു അനൗൺസ്മെന്റ് ഉറക്കെ വായിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു

(3) ഒരു പട്ടിക പൂരിപ്പിക്കുകയും അവയെ വ്യാഖ്യാനിപ്പിക്കുന്നതിന് ഏർപ്പെടുത്തുക

(4) ഒരു ലഘുചിത്രം വീക്ഷിക്കുകയായിരുന്നു

**133.** ഒരു വിദേശഭാഷ പുതിയതായി ആർജിക്കുന്നത് യൗവനാരംഭത്തിന് (Puberty) ശേഷം ആണെങ്കിൽ .........

(1) സാധാരണ ഗതിയിൽ ഭാഷാർജ്ജനം

(2) ഭാഷാർജ്ജനത്തിനു ബുദ്ധിമുട്ട് ഉണ്ടാകും

(3) അതിൽ പ്രാഗൽഭ്യം നേടാൻ പറ്റില്ല

(4) പ്രാഗൽഭ്യം നേടാൻ പറ്റും

**134.** ഇ-പഠനം എന്ന് ഉദ്ദേശിക്കുന്നത്

(1) വിദൂരവിദ്യാഭ്യാസം

(2) ഫിലിം ഡോക്യുമെന്ററികൾ

(3) വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് ഉള്ള സംയുക്ത പഠനം

(4) ഹാർഡ്‌വെയർ പ്രയോഗിച്ചുകൊണ്ടുള്ള പഠനം

**135.** ഒരു ദ്വിഭാഷാ ക്ലാസ്സിൽ ലക്ഷ്യഭായയിലുള്ള ഭാഷണരൂപങ്ങളും അക്കാദമിക രൂപങ്ങളും തമ്മിൽ വിദ്യാർത്ഥികൾ വ്യത്യസ്തപ്പെടുത്തി കാണുന്നതിന് അവരെ ഏത് കാര്യത്തിലാണ് പ്രോത്സാഹിപ്പിക്കേണ്ടത്

(1) ലക്ഷ്യഭാഷയിലെ പുസ്തകങ്ങൾ കൂടുതൽ പാരായണം നടത്തുന്നതിന്

(2) ലക്ഷ്യഭാഷയിൽ കൂടുതൽ എഴുതുന്നതിന്

(3) ദ്വിഭാഷയിലുള്ള സിനിമകൾ കൂടുതൽ കാണുന്നതിന്

(4) ലക്ഷ്യഭാഷ സംസാരിക്കുന്നതിന്

**136.** സഹപാഠികളുടെ ഭാഷാശേഷിതലത്തിൽ എത്തുന്നതിന് പിന്നാക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി ബോധന രീതിയിൽ പരിവർത്തനം നടത്തുന്നതിന് ഏത് പേരിൽ അറിയപ്പെടുന്നു?

(1) ചുരുക്കെഴുത്ത്

(2) രൂപമാറ്റം

(3) തെറ്റു തിരുത്തൽ

(4) പുനഃപരിശോധന

**137.** മിശ്രിത ഭാഷാശേഷിയുള്ള വിദ്യാർത്ഥികളുടെ ക്ലാസ്സു മുറിയിൽ അവശ്യമായ പാഠ്യപദ്ധതി ഏതാണ്?

(1) ചില നിശ്ചിത കാലത്തിൽ ഏകമാനമായ സംഘങ്ങളെ ഒരുമിച്ചിടുക

(2) വിവിധ തരത്തിൽ പഠനയോഗ്യതയുള്ള വിദ്യാർത്ഥികളെ ഒരുമിച്ച് ഇടുകയും പരസ്പരം ബന്ധപ്പെടാൻ ഉള്ള അവസരം നല്കുകയും ചെയ്യുക

(3) കണക്കിലും ഭാഷയിലും കൂടുതൽ ഊന്നൽ നല്കുക

(4) കായികാഭ്യാസത്തിലും ഭാഷയിലും ഊന്നൽ നല്കുക

**138.** തെറ്റായ പരികല്പന തിട്ടപ്പെടുത്തുക: "മൂക്കില്ലാ രാജ്യത്ത് മുറിമൂക്കൻ രാജാവ്" എന്ന പ്രയോഗത്തിന്റെ അർത്ഥത്തിനെ അടിസ്ഥാനമാക്കി എഴുതുക

(1) ബുദ്ധിമാൻമാരുടെയിടയിൽ അതിബുദ്ധിമാൻ

(2) നല്ല ഡോക്ടർമാരുടെയിടയിൽ പ്രഗത്ഭനായ ഡോക്ടർ

(3) കഴിവില്ലാത്തവരുടെയിടയിൽ ഒരുവനു മാത്രം കഴിവുണ്ട്

(4) കുടിയന്മാരുടെയിടയിൽ മുഴുക്കുടിയൻ

**139.** ഒരു ഭാഷാർജ്ജനത്തിൽ ചില തരത്തിലുള്ള വ്യാകരണ പിഴകൾ സ്വാഭാവികമായി ഉണ്ടാകുന്നു. അതുകൊണ്ട് അധ്യാപകൻ .......

(1) ക്ലാസ്സിൽ തെറ്റുകൾ വരുത്തുന്ന വിദ്യാർത്ഥികളെ തിരുത്തുകയും ആ തെറ്റുകളിൽ നിന്ന് മറ്റുള്ളവർക്ക് പഠിക്കാൻ സന്ദർഭം ലഭിക്കുകയും ചെയ്യുന്നു

(2) ഒരു വിദ്യാർത്ഥി ഭാഷണം നടത്തുമ്പോഴൊ പാരായണം നടത്തുമ്പോഴോ അവന്റെ പ്രവൃത്തി പൂർത്തിയാകുന്നതു വരെ കാത്തിരിക്കുകയും പ്രധാനപ്പെട്ട സാധാരണ തെറ്റുകളെ തിരുത്തുന്നതിന് പരിശ്രമിക്കുന്നു

(3) തെറ്റുകൾ സ്വാഭാവികമാണ് അതുകൊണ്ട് തെറ്റുകൾ ചെയ്യാൻ അനുവദിക്കുന്നു

(4) പഠിത്തത്തിൽ പിന്നാക്കം നില്ക്കുന്ന വിദ്യാർത്ഥികളെ വേർതിരിച്ച് അവർക്കുവേണ്ടി സ്പെഷ്യൽ ക്ലാസ്സ് നടത്തുന്നു

**140.** തല്പര രഹിതരായവരും ലക്ഷ്യബോധം ഇല്ലാത്തവരും ആയ വിദ്യാർത്ഥികളുടെ ക്ലാസ്സ് നിരീക്ഷിക്കുന്ന ഒരു വിദേശ അഥവാ അന്യഭാഷാ ബോധനം നടത്തുന്ന അധ്യാപകന് താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ഏറ്റവും ശരിയായത്

(1) ഒരു അക്കാദമിക് കൗൺസിലറുടെ സഹായത്തോടെ ആ ക്ലാസ്സിനെ സംബോധന ചെയ്യുക

(2) തല്പര രഹിതരായ വിദ്യാർത്ഥികളെ വേർതിരിച്ച് സ്പെഷ്യൽ ക്ലാസ്സ് നടത്തുക

(3) അസൈൻമെന്റുകൾ പൂർത്തിയാക്കുന്നതിന് അവരവരുടെ സമയം എടുക്കാൻ പഠിതാക്കളെ അനുവദിക്കുക.

(4) ലക്ഷ്യബോധം ഉണ്ടാക്കുന്നതിനും ഭാഷാപഠനം നടക്കുന്നതിനും വേണ്ടി ഭാഷാബോധന രീതികളിലും പദ്ധതികളിലും അനുയോജ്യമായി ആവിഷ്കരിച്ച് ക്ലാസ്സ് നടത്തുക

**141.** ഭാഷാബോധനം നടക്കുന്നത് പ്രവർത്തിയിലൂടെയാണ്. ഇത് ഏത് പ്രവർത്തിയെ അടിസ്ഥാനമാക്കിയാണ് ഈ നിരീക്ഷണം

(1) ഒരു നിശ്ചിത ടെസ്റ്റിലുള്ളിതിന്റെ അർത്ഥം ഗ്രഹിക്കുന്നതിന് മാതൃഭാഷ പ്രയോഗിച്ചുകൊണ്ടുള്ള പഠനം ആണ്

(2) മൂർത്തമായ ടെസ്റ്റിൽ നിന്ന് അമൂർത്തമായ ടെസ്റ്റിലേക്ക്

(3) ലിഖിതവും ഭാഷണ ശൈലികളും അധ്യാപകനെ മാതൃക ആക്കികൊണ്ട് വിദ്യാർത്ഥികൾ പ്രയോഗിക്കുന്നു

(4) ആവർത്തിച്ചുള്ള പരിശീലനം നടത്തുന്നത് ഏറ്റവും അത്യന്താപേക്ഷിതമാണ്. കാരണം അത് യാന്ത്രികമായ പ്രവർത്തനത്തിന്റെ അടിസ്ഥാനമാണ്.

*നിർദ്ദേശങ്ങൾ* : താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (ചോദ്യം **142–150**) :

സാമൂഹികജ്ഞാന നിർമ്മിതി വാദം, സർവ്വ ഭാഷാ വ്യാകരണ സിദ്ധാന്തം, അന്തർദൃഷ്ടി സിദ്ധാന്തം ശിശുകേന്ദ്രീകൃത വിദ്യാഭ്യാസ രീതി എന്നിവയുടെ സമന്വയത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന ദർശനമാണ് ഭാഷാസമഗ്രതാദർശനം. സ്വന്തം രീതിയിൽ പഠന പ്രക്രിയയിൽ മുഴുകുമ്പോഴാണ് കുട്ടികൾ ഏറ്റവും അധികം പഠിക്കുകയും വളരുകയും ചെയ്യുന്നതെന്നാണ് ഭാഷാസമഗ്രതാ ദർശനത്തിന്റെ അന്തസത്ത.

സമഗ്രതയിൽ നിന്ന് ഭാഗങ്ങളിലേക്ക് എന്ന രീതിയിലാണ് കുട്ടികൾ ഭാഷ സ്വായത്തമാക്കുന്നത് ലളിതമായ പാട്ടുകൾ, കഥകൾ എന്നിവയിൽ അർത്ഥപൂർണമായി ആവർത്തിക്കുന്ന പദങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഒരു പദത്തിലെ അക്ഷരങ്ങൾ കുട്ടിയെ സംബന്ധിച്ചേടത്തോളം അർത്ഥപൂർണമായ മറ്റ് വ്യവഹാരങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വിധം ചാക്രികാരോഹണം ആവശ്യമാണ്. ഭാഷണത്തോടൊപ്പം എഴുത്തും കൈകാര്യം ചെയ്യണം. അതിന് എന്തെങ്കിലും എഴുതാനുള്ള ആവശ്യബോധം കുട്ടിയിലുണ്ടാക്കണം. ഒറ്റപ്പെട്ട അക്ഷരങ്ങൾ പഠിക്കുന്നത് സങ്കീർണമായ പ്രക്രിയയാണ്. അത് യാന്ത്രികവും അർത്ഥശൂന്യവുമാണ്.

ഭാഷയുടെ ഉപയോഗം കണക്കിലെടുത്തുകൊണ്ട് അർത്ഥ പൂർണമായി ഭാഷ ഉപയോഗിക്കുന്നതിനുള്ള ഒട്ടേറെ സന്ദർഭങ്ങൾ കുട്ടികൾക്കു വേണ്ടി ഒരുക്കണം. കോപ്പിയെഴുത്ത്, പകർത്തിയെഴുത്ത് പോലുള്ള യാന്ത്രിക പ്രവർത്തനങ്ങൾ ഭാഷാ നൈപുണികൾ നേടുന്നതിന് സഹായകമാകുന്നില്ല. അവയ്ക്കു പകരം അർത്ഥപൂർണവും ആവശ്യബോധം ഉണ്ടാക്കുന്നതുമായ ലേഖന പ്രവർത്തനങ്ങൾ നടത്തണം.

പാഠ്യപദ്ധതി മുൻകൂട്ടി നിശ്ചയിക്കുന്നത് യഥാർത്ഥമായ രീതിയല്ല. പാഠ്യപദ്ധതി പഠിതാക്കളാലും അധ്യാപകരാലും വികസിപ്പിക്കപ്പെടണം വഴക്കമുള്ളതും വികസിച്ചു കൊണ്ടിരിക്കുന്നതുമായ ഒരു പാഠ്യപദ്ധതിയാണ് വേണ്ടത്. സാമൂഹികമായ ഇടപ്പെടലിലൂടെ പഠനം നടക്കണം അതിനു മത്സരത്തിനു പകരം സഹകരണം ഉണ്ടാകണം. പ്രോജക്റ്റുകൾ ഏറ്റെടുക്കുകയും, കൂട്ടായ്മയോടെ പ്രവർത്തിക്കുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും വേണം. കുട്ടികളുടെ നൈപുണികളെ തിരിച്ചറിയുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

ഭാഷാസമഗ്രതാദർശനം ഉൾക്കൊള്ളുന്ന ക്ലാസുകളിൽ അച്ചടക്ക രാഹിത്യമെന്ന പ്രശ്നം ഉണ്ടാകില്ല. കുട്ടികൾ സജീവമായ പഠന പ്രവർത്തനത്തിൽ മുഴുകുന്നു. ക്ലാസിൽ കുട്ടികൾ സ്വയം ഏർപ്പെടുത്തുന്ന അച്ചടക്കമാണ് ഉണ്ടാകേണ്ടത്. തന്റെ ആവശ്യങ്ങൾക്ക് വേണ്ടി കുട്ടികളെ നിയന്ത്രിക്കുന്ന അധ്യാപകനെയല്ല വേണ്ടത് പകരം പരസ്പര വിശ്വാസവും ബഹുമാനവും പുലർത്തുന്ന ക്ലാസുമുറികളെ സൃഷ്ടിക്കുന്നതിന് സഹായിക്കുന്ന അധ്യാപകനാണ് വേണ്ടത്.

**142.** ''ഭാഷാ സമഗ്രതാ ദർശനം'' ഏതെല്ലാം സിദ്ധാന്തങ്ങളിൽ നിന്നു ഉരിത്തിരിഞ്ഞു വന്നതാണ്?

(1) സാമൂഹിക ജ്ഞാന നിർമ്മിതി വാദവും സർവ്വ ഭാഷാ വ്യാകരണ സിദ്ധാന്തവും

(2) ശിശു കേന്ദ്രീകൃത വിദ്യാഭ്യാസ രീതിയും സർവ്വഭാഷാ വ്യാകരണ സിദ്ധാന്തവും

(3) സർവ്വഭാഷാ വ്യാകരണ സിദ്ധാന്തം

(4) സാമൂഹിക ജ്ഞാന നിർമ്മിതി വാദം, സർവ്വ ഭാഷാ വ്യാകരണ സിദ്ധാന്തം, അന്തർദൃഷ്ടി സിദ്ധാന്തം, ശിശു കേന്ദ്രീകൃത വിദ്യാഭ്യാസ രീതി

**143.** ഭാഷാ സമത്വതാ ദർശനം ഉൾക്കൊള്ളുന്ന ക്ലാസ്സുകളിൽ അച്ചടക്കം കൊണ്ടുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നില്ല. കാരണം?

(1) ഓരോ കുട്ടിയും അവനവന്റെ കാര്യങ്ങൾ ചെയ്യുന്നു

(2) കുട്ടികൾ സജീവമായ പഠന പ്രവർത്തനത്തിൽ ഏർപ്പെടുന്നു

(3) അധ്യാപകൻ വിദ്യാർത്ഥികളെ ബഹുമാനിക്കുന്നു

(4) അധ്യാപകൻ വിദ്യാർത്ഥികളെ നിയന്ത്രിക്കുന്നു

**144.** ഭാഷാസമഗ്രതാ ദർശനത്തിൽ ഏതുതരം അധ്യാപകനെയാണ് വേണ്ടത്?

(1) പരസ്പരം വിശ്വാസവും ബഹുമാനവും പുലർത്തുന്ന ക്ലാസ്സുമുറികളെ സൃഷ്ടിക്കുന്ന അധ്യാപകനെ

(2) അധ്യാപകൻ നിസ്വാർത്ഥ സേവനം നടത്തണം

(3) ക്ലാസ്സ് മുറികൾ സജീവമാകണം

(4) വിദ്യാർത്ഥികൾ നിസ്വാർത്ഥ സേവനം നടത്തണം

**145.** ഭാഷാ ആർജ്ജനത്തിനു ഏതുതരം നൈപുണികൾ ആണ് വേണ്ടത്?

(1) കോപ്പിയെഴുത്തും പകർത്തെഴുത്തും നടത്തണം

(2) അർത്ഥപൂർണ്ണവും ആവശ്യബോധവും ഉണ്ടാക്കുന്ന ലേഖന പ്രവർത്തനം ഉണ്ടാകണം

(3) കോപ്പി എഴുത്ത് നടത്തണം

(4) പകർത്തെഴുത്ത് നടത്തണം

146. ഏതു രീതിയിലുള്ള പാഠ്യപദ്ധതി ആണ് അഭികാമ്യം

(1) അധ്യാപകരാലും വിദ്യാർത്ഥികളാലും വികസിപ്പിച്ച് എടുക്കുന്ന പാഠ്യപദ്ധതി ആണ് ഉചിതം

(2) അധ്യാപകർ നിർമ്മിച്ച പാഠ്യപദ്ധതി

(3) മുൻകൂട്ടി നിശ്ചയിച്ച പാഠ്യപദ്ധതി

(4) പഠിതാക്കരം നിർമ്മിച്ച പാഠ്യപദ്ധതി

147. കുട്ടികൾ ഏത് തരത്തിലാണ് ഭാഷ സ്വായത്തമാക്കുന്നത് എന്ന് ഈ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്നത്

(1) സമഗ്രതയും ഭാഗങ്ങളും

(2) പദങ്ങളുടെ ആവർത്തനം

(3) സമഗ്രതയിൽ നിന്ന് ഭാഗങ്ങളിലേക്ക്

(4) ഭാഗങ്ങളിൽ നിന്ന് സമഗ്രതയിലേക്ക്

148. "ഭാഷാ സമഗ്രത" എന്ന പദത്തിൻ ഏത് തരത്തിലുള്ള സന്ധി പ്രയോഗമാണ് പ്രയോഗിച്ചിരിക്കു ന്നത്?

(1) ലോപ സന്ധി

(2) ആദേശ സന്ധി

(3) ദ്വിത്വസന്ധി

(4) ദീർഘ സന്ധി

149. "സാമൂഹിക ജ്ഞാന നിർമ്മിതി" എന്ന പദം പിരിച്ചെഴുതുക:

(1) സാമൂഹിക ജ്ഞാനം + നിർമ്മിതി

(2) സമൂഹം + ജ്ഞാന നിർമ്മിതി

(3) സമൂഹം + ജ്ഞാനം + നിർമ്മിതി

(4) സാമൂഹികം + ജ്ഞാനം + നിർമ്മിതി

150. 'അന്തർദൃഷ്ടി' എന്ന പദത്തിന്റെ വിപരീത പദം ഏതാണ്

(1) ബാഹ്യ ദൃഷ്ടി

(2) നീച ദൃഷ്ടി

(3) നിമ്ന ദൃഷ്ടി

(4) ഉപരി ദൃഷ്ടി

?ACE FOR ROUGH WORK

*താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക:*

1. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല/കറുപ്പ് പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.

2. ഉത്തരക്കടലാസ്സ് മടക്കുകയോ അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ ആവരുത് എന്ന് പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. വ്യക്തപ്പെടുത്തിയ ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.

3. പരീക്ഷാ പുസ്തിക സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തിക സങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.

4. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതയും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.

5. അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സുകഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ അഡ്മിറ്റ് കാർഡ് ഒഴിച്ച് മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.

6. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.

7. ഇൻവിജിലേറ്ററിന്റെ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.

8. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കാതെയും പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കോഡുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും, തെറ്റായ രീതി കൈകൊണ്ടതായും കണക്കാക്കും.

9. വൈദ്യുതി ഉപയോഗിച്ചോ/മാനുഷികമായതോ ആയ കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.

10. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാധ്യമാണ്. തെറ്റായ രീതിയിലുള്ള എല്ലാ രീതികളും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.

11. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻ പാടില്ല.

12. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

**READ THE FOLLOWING INSTRUCTIONS CAREFULLY :**

1. Out of the four alternatives for each question, only one circle for the correct answer is to be darkened completely with Blue/Black Ballpoint Pen on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
2. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
3. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
4. The candidates will write the correct Test Booklet Code and Number as given in the Test Booklet/Answer Sheet in the Attendance Sheet.
5. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the Examination Hall/Room.
6. Each candidate must show on demand his/her Admit Card to the Invigilator.
7. No candidate, without special permission of the Superintendent or Invigilator, should leave his/her seat.
8. The candidates should not leave the Examination Hall without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where a candidate has not signed the Attendance Sheet, a second time will be deemed not to have handed over the Answer Sheet and dealt with as an unfair means case.
9. Use of Electronic/Manual Calculator is prohibited.
10. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall. All cases of unfair means will be dealt with as per Rules and Regulations of the Board.
11. No part of the Test Booklet and Answer Sheet shall be detached under any circumstances.
12. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Room/Hall. *The candidates are allowed to take away this Test Booklet with them.***

**निम्नलिखित निर्देशों को ध्यान से पढ़ें :**

1. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर-पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह नीले/काले बॉलपॉइंट पेन से भरें। एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है।
2. परीक्षार्थी सुनिश्चित करें कि इस उत्तर-पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ। परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें।
3. परीक्षा पुस्तिका एवं उत्तर-पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर-पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी।
4. परीक्षा पुस्तिका/उत्तर-पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाजिरी-पत्र में लिखें।
5. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-कार्ड के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है।
6. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-कार्ड दिखाएँ।
7. अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें।
8. कार्यरत निरीक्षक को अपना उत्तर-पत्र दिए बिना एवं हाजिरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल नहीं छोड़ेंगे। यदि किसी परीक्षार्थी ने दूसरी बार हाजिरी-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर-पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा।
9. इलेक्ट्रॉनिक/हस्तचालित परिकलक का उपयोग वर्जित है।
10. परीक्षा हॉल में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं। अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा।
11. किसी हालत में परीक्षा पुस्तिका और उत्तर-पत्र का कोई भाग अलग न करें।
12. परीक्षा सम्पन्न होने पर, परीक्षार्थी कक्ष/हॉल छोड़ने से पूर्व उत्तर-पत्र निरीक्षक को अवश्य सौंप दें। *परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं।*